മുദാക്കൽ പഞ്ചായത്തിലെ ബാലവാടികൾ

349 [452] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽ എത്ര ബാലവാടികൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) അവിടെ എത്ര ക്രെഷുകൾ ഉണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) അവിടെ എത്ര ഫീഡിംഗ് സെൻററുകളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെ എത്ര വയോജന വിദ്യാഭ്യാസകേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ഫീഡിംഗ് സെൻററുകളോ ക്രെഷുകളോ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളോ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുദാക്കൽ പഞ്ചായത്തിൽ ഏഴ് ബാലവാടികൾ : അയിലം, നാവനവഞ്ചേരി, ചെമ്പുര്, പൂവണത്തുംമൂട്, ഊരുപൊയ്ക, പരത്തൂർ, താഴെ ഇളമ്പ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. (മേൽപ്പറഞ്ഞ ബാലവാടികൾ ഇപ്പോൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഐ. സി. ഡി. എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രെഷുകളില്ല.

(സി) മേൽപ്പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട ഏഴ് ഫീഡിംഗ് സെൻററുകൾ മാത്രം.

(ഡി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

പുതിയ ആർ. എൽ. ഇ. ജി. പി. വർക്കുകൾ

350 [453] ശ്രീ. കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87-ലേക്കുള്ള പുതിയ ആർ. എൽ. ഇ. ജി. പി. വർക്കുകൾക്ക് കേന്ദ്ര ഗവൺമെൻറിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം—II.

LIBRARY ARCHIVES Kerala Legislative Assembly